# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1348** | **20.01.2014 ൽ മറുപടിക്ക്**

## വില നിയന്ത്രണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ:<br>ശ്രീ. എം. ഹംസ:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:<br>ശ്രീ. എ. പ്രദീപ്കുമാർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) വിലനിലവാരം സംബന്ധിച്ച് കേന്ദ്രസർക്കാർ ഏജൻസിയായ ലേബർ ബ്യൂറോ പ്രസിദ്ധീകരിച്ച കണക്കുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേന്ദ്രസർക്കാർ ഏജൻസിയായ ലേബർ ബ്യൂറോ ഓരോ മാസവും Industrial workers, Agriculture labours, Rural labours എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കുവേണ്ടി Consumer Price Index തയ്യാറാക്കുകയും അതുമായി ബന്ധപ്പെട്ട സാധനങ്ങളുടെ വിലനിലവാരമാണ് ശേഖരിക്കുന്നത്. പ്രസ്തുത വിവരങ്ങൾ ലേബർ ബ്യൂറോയുടെ website ൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൻപ്രകാരം കേരളത്തിലെ വിലക്കയറ്റതോത് ദേശീയ ശരാശരിയേക്കാൾ മുകളിലാണോ; | (ബി) ലേബർ ബ്യൂറോയുടെ മേൽപ്പറഞ്ഞ റിപ്പോർട്ടിനടിസ്ഥാനത്തിൽ കേരളത്തിലെ വിലക്കയറ്റതോത് താരതമ്യം ചെയ്യാൻ സാധിക്കുകയില്ല. |
| (സി) വില നിയന്ത്രണത്തിൽ കേരളത്തിന് എത്രാമത് സ്ഥാനമാണുള്ളത്; | (സി) ബാധകമല്ല. |
| (ഡി) പൊതുവിതരണ സമ്പ്രദായം തകർന്നതും റേഷൻ വിഹിതം വെട്ടിക്കുറച്ചതും പൊതുകമ്പോളത്തിൽ വൻ വില വർദ്ധനവിന് കാരണമായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിതരണ ശൃംഖല വഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുകയും അവ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. സംസ്ഥാനത്ത് ബി.പി.എൽ. കാർഡുടമകൾക്ക് പ്രതി മാസം 25 കി.ഗ്രാം അരി ഒരു രൂപാ നിരക്കിലും 5 കി.ഗ്രാം ഗോതമ്പ് രണ്ടു രൂപാ നിരക്കിലും നൽകുന്നു. എ.പി.എൽ. കാർഡുടമകൾക്ക് കിലോയ്ക്ക് 8.90 രൂപ നിരക്കിൽ 10 കി.ഗ്രാം അരിയും കാർഡൊന്നിന് 12 രൂപാ നിരക്കിൽ 2 കി.ഗ്രാം ആട്ടയും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കി.ഗ്രാം അരി |

കിലോഗ്രാമിന് രണ്ട് രൂപാ നിരക്കിൽ നൽകുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപാ നിരക്കിൽ 35 കി.ഗ്രാം അരി നൽകുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി നൽകുന്നു. ബി.പി.എൽ./ എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400ഗ്രാം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ നൽകുന്നു. ഇവയെല്ലാം തന്നെ വിലക്കയറ്റത്തെ ഒരു പരിധിവരെ തടഞ്ഞു നിർത്തുന്നതിന് സഹായകമായിട്ടുണ്ട്.

(ഇ) വിലനിയന്ത്രിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; ഇതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(ഇ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യസംസ്ഥാനങ്ങളിലെ വിപണിയിലുണ്ടാകുന്ന നേരിയ ചലനങ്ങൾപോലും നമ്മുടെ സംസ്ഥാനത്തെ അവശ്യവസ്തുക്കളുടെ വിലയിൽ പ്രതിഫലിക്കാറുണ്ട്. എങ്കിലും വില വർദ്ധനവ് ഒരു പരിധിവരെ തടഞ്ഞു നിർത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകരായി പ്രവർത്തിക്കുന്നു. പൊതുവിതരണ ശൃംഖലവഴി കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്യുകയും കരഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ നടത്തി വിലവർദ്ധനവുണ്ടാക്കുന്നത് തടയുന്നതിനായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണത്തിലൂടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയാനും കഴിയുന്നതാണ്.

Beena S

**സെക്ഷൻ ഓഫീസർ**